# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 14.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദ്വിരാഷ്ട്ര പര്യടനം പൂർത്തിയായി. ഇന്ത്യ-യു.എസ് ഉഭയകക്ഷി വ്യാപാരവും, നയതന്ത്രബന്ധവും കൂടുതൽ മികവുറ്റതാക്കുമെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi's two-nation tour is completed successfully. Prime Minister said India-US bilateral trade and diplomatic relations will be enhanced.**

2). പുൽവാമ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ധീര സൈനികർക്ക് രാജ്യത്തിൻറെ ശ്രദ്ധാഞ്ജലി.

**Nation's tribute to the brave soldiers who died in Pulwama terror attack.**

3). കോട്ടയം നെഴ്സിംഗ് കോളേജിലെ റാഗിങ്ങിൽ കുറ്റക്കാരായ വിദ്യാർത്ഥികൾക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി വീണാ ജോർജ്.

**Minister Veena George said that strict action will be taken against students who are guilty of ragging in Kottayam Nursing College.**

4). ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോ, എയ്റോ ഇന്ത്യയുടെ പതിനഞ്ചാം പതിപ്പിന് ബംഗളുരുവിൽ ഇന്ന് സമാപനം.

**The 15th edition of Asia's largest aero show, Aero India, concluded today in Bengaluru.**

5). 38-ാം മത് ദേശീയ ഗെയിംസിൻറെ സമാപന സമ്മേളനം ഇന്ന് നടക്കും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പങ്കെടുക്കും.

**The closing ceremony of the 38th National Games will be held today. Union Home Minister Amit Shah will attend the ceremony.**

6). വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൻറെ മൂന്നാം സീസണ് ഇന്ന് തുടക്കം. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ, ഹൈദരാബാദിനെ നേരിടും.

**Third edition of Women's Premier League will kick start today. In ISL football, Odisha will take on Hyderabad, this evening.**

=====================================================

**MODI US**

ഇന്ത്യ-യുഎസ് ഉഭയകക്ഷി വ്യാപാരം 2030 ഓടെ 500 ബില്യൺ ഡോളറാക്കി ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇരുരാജ്യങ്ങൾക്കുമിടയിലെ നയതന്ത്ര പങ്കാളിത്തം കൂടുതൽ മികവുറ്റതാക്കുമെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായുള്ള ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം പ്രധാനമന്ത്രി പറഞ്ഞു. ഭീകരവാദത്തിനെതിരെ ഇന്ത്യയും അമേരിക്കയും ഒരുമിച്ച് പോരാടുമെന്നും ഇന്തോ പെസഫിക് മേഖലയിലെ സമാധാനത്തിനും സുസ്ഥിരതയ്ക്കുമായി യോജിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. 2008 ൽ ഇന്ത്യയിൽ ഭീകരാക്രമണം നടത്തിയ കേസിലെ പ്രതിയെ വിട്ടുനൽകാനുള്ള യുഎസ് പ്രസിഡന്റിന്റെ തീരുമാനത്തിൽ ശ്രീ മോദി നന്ദി അറിയിച്ചു. അമേരിക്കയിലെ ഇന്ത്യൻ പ്രവാസി സമൂഹം ഇരു രാജ്യങ്ങൾക്കുമിടയിലെ നിർണായക കണ്ണിയാണെന്നും, ലോസ് ആഞ്ചലിസിലും, ബോസ്റ്റണിലും പുതിയ ഇന്ത്യൻ കോൺസുലേറ്റുകൾ തുറക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. അനധികൃത കുടിയേറ്റക്കാർക്ക് മറ്റ്

രാജ്യങ്ങളിൽ നിയമവിരുദ്ധമായി കഴിയാൻ അവകാശമില്ലെന്ന നിലപാടും അദ്ദേഹം അറിയിച്ചു. ഇന്ത്യയ്ക്കും അമേരിക്കയ്ക്കുമിടയിൽ സവിശേഷ ബന്ധമാണ് നിലനിൽക്കുന്നതെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് വ്യക്തമാക്കി. ഇന്ത്യയ്ക്ക് എണ്ണയും, പ്രകൃതിവാതകവും എത്തിക്കുന്ന മുൻനിര രാജ്യമായി യുഎസ് നിലകൊള്ളുമെന്നും, ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് ഇടനാഴിയിലൂടെയുള്ള വ്യാപാര ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. ദ്വിരാഷ്ട്ര പര്യടനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ന് ഇന്ത്യയിൽ മടങ്ങിയെത്തും.

======================================================

**REV. MEA PM VISIT**

ഡോണൾഡ് ട്രംപ് അധികാരമേറ്റ് മൂന്നാഴ്ചയ്ക്കകമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.എസ് സന്ദർശനം ഇന്ത്യ-അമേരിക്ക ബന്ധത്തിന് ഇരു നേതാക്കളും നൽകുന്ന മുൻഗണനയെ സൂചിപ്പിക്കുന്നതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. പ്രതിരോധം, വ്യാപാരം, സാങ്കേതികവിദ്യ, ഊർജ്ജ സുരക്ഷ, തുടങ്ങി വിവിധ വിഷയങ്ങൾ മോദി-ട്രംപ് കൂടിക്കാഴ്ചയിൽ ചർച്ചയായതായും അദ്ദേഹം പറഞ്ഞു. ഇരുരാജ്യങ്ങൾക്കും ഗുണകരമായ ഉഭയകക്ഷി വ്യാപാര കരാറിൽ 2025 അവസാനത്തോടെ ധാരണയിലെത്താനും തീരുമാനിച്ചിട്ടുണ്ട്. യു.എസ് - ഇന്ത്യ പ്രതിരോധ പങ്കാളിത്തത്തിൽ അടുത്ത 10 വർഷത്തേക്കുള്ള രൂപരേഖ തയ്യാറാക്കാനും തീരുമാനിച്ചതായി വിക്രം മിസ്രി അറിയിച്ചു. പ്രതിരോധ സംഭരണ മേഖലയിലും ബന്ധം ശക്തിപ്പെടുത്താൻ കൂടിക്കാഴ്ചയിൽ ധാരണയായി.

==========================================================

## PM – SAMVAD ( INTRO)

ഇന്ത്യയ്ക്കും തായ് ലൻഡിനുമിടയിൽ 2000 വർഷത്തിലേറെ പഴക്കമുള്ള സാംസ്കാരിക ബന്ധമാണ് നിലനിൽക്കുന്ന തെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തായ് ലൻഡിൽ സംഘടിപ്പിച്ച **സംവാദ്** പരിപാടിയെ വീഡിയോ കോൺഫറൻ സിങ്ങിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയവും തായ് ലൻഡിന്റെ ആക്ട് വെസ്റ്റ് നയവും പരസ്പര പൂരകങ്ങളാണെന്നും ശ്രീ മോദി പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദത്തിൻറെ മറ്റൊരു അധ്യായം കൂടിയാണ് സംവാദ് പരിപാടിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**(VOICE.........)**

==========================================================

## PM PULWAMA ATTACK

2019- ലെ പുൽവാമ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിച്ചു. സൈനികരുടെ ജീവത്യാഗം വരും തലമുറകൾ ഒരിക്കലും മറക്കില്ലെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഭീകരവാദം മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണെന്ന് ധീര സൈനികർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഭീകരവാദം തുടച്ചുനീക്കാൻ മോദി സർക്കാർ പ്രതിജ്ഞാബദ്ധമാ ണെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. 2019 ലെ പുൽവാമ ഭീകരാക്രമണത്തിൽ 40 സി ആർ പി എഫ് ജവാൻമാരാണ് വീരമൃത്യു വരിച്ചത്.

==========================================================

**PRESIDENT – KARNATAKA**

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് കർണാടക സന്ദർശിക്കും. ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിംഗ് സംഘടിപ്പിക്കുന്ന പത്താമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൻറെ ഉദ്ഘാടന ചടങ്ങിൽ ശ്രീമതി മുർമു പങ്കെടുക്കും.

==========================================================

**AERO INDIA**

ബംഗളുരുവിൽ നടക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യയുടെ പതിനഞ്ചാമത് പതിപ്പിന് ഇന്ന് സമാപനം. ബംഗളൂരുവിലെ യെലഹങ്ക വ്യോമത്താവളത്തിൽ നടന്ന വ്യോമാഭ്യാസ പ്രദർശനത്തിന് ജനങ്ങളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

==========================================================

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================================

**VEENA GEORGE – KOTTAYAM**

കോട്ടയത്തെ ഗവൺമെൻറ് നേഴ്സിംഗ് കോളേജിൽ ഉണ്ടായ റാഗിങ്ങിൽ കുറ്റക്കാരായ വിദ്യാർത്ഥികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. അതിക്രൂരമായ സംഭവമാണ് നടന്നതെന്നും നടപടി സസ്പെൻഷനിൽ തീരില്ലെന്നും മന്ത്രി വ്യക്തമാക്കി. റാഗിങ് നടന്ന ഹോസ്റ്റലിലെ മുറി പരിശോധിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

==========================================================

**KOZHIKODE - (INTRO)**

കോഴിക്കോട് കൊയിലാണ്ടി മണക്കുളങ്ങര ഉത്സവത്തിനിടെ ആനകൾ ഇടഞ്ഞ് തിക്കിലും തിരക്കിലും മരിച്ച 3 പേരുടെയും മൃതദേഹങ്ങളുടെ പോസ്റ്റ് മോർട്ടം കോഴിക്കോട് മെഡിക്കൽ കോളെജിൽ നടന്നു. സംസ്കാര ചടങ്ങുകൾ ഇന്ന് നടക്കും. **വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

**(VOICE..................)**

==========================================================

**VP-VISIT**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ ജമ്മു സന്ദർശിക്കും. കത്രയിൽ ശ്രീ മാതാ വൈഷ്ണോ ദേവി സർവകലാശാല യുടെ 10-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. തുടർന്ന് മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിലും റിയാസി ജില്ലയിലെ ഭൈറോൺ ക്ഷേത്രത്തിലും ശ്രീ ധൻകർ ദർശനം നടത്തും.

==========================================================

**KARNATAKA - COVID SCAM PROBE**

കർണാടകയിൽ കോവിഡ് കാലത്തെ അഴിമതി സംബന്ധിച്ച കേസ് ക്രിമിനൽ അന്വേഷണ വകുപ്പിന് സംസ്ഥാന സർക്കാർ കൈമാറി. എഫ് .ഐ.ആർ രജിസ്റ്റർ ചെയ്ത് രണ്ട് മാസങ്ങൾക്ക് ശേഷമാണ് കേസ് സി.ഐ.ഡിയ്ക്ക് കൈമാറുന്നത്. കോവിഡ് സ്ഥിരീകരിക്കുന്നതിനുള്ള RT-PCR പരിശോധനകളിൽ വ്യാപക ക്രമക്കേടുകൾ നടന്നതായാണ് കേസ്.

==========================================================

## PUNJAB ACID ATTACK

ആസിഡ് ആക്രമണത്തിന് ഇരയായവർക്കുള്ള പ്രതിമാസ ധനസഹായം ഉയർത്തി പഞ്ചാബ് സർക്കാർ. 8,000 രൂപയിൽ നിന്ന് 10,000 ആയി ലിംഗഭേദമന്യേ തുക ഉയർത്താനാണ് സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചത്.

===========================================================

## INDIA S GOT LATENT - SC

ഇന്ത്യാസ് ഗോട്ട് ലാറ്റൻറ് ഷോ എന്ന പരിപാടിയ്ക്കിടെ യൂട്യൂബർ രൺവീർ അലഹബാദിയ നടത്തിയ വിവാദ പരാമർശം സംബന്ധിച്ച കേസുകളിൽ വാദം കേൾക്കുമെന്ന് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ചാണ് വാദം കേൾക്കുന്നത്. വിവാദ പരാമർശത്തിൽ രൺവീർ അലഹബാദിയ കഴിഞ്ഞ ദിവസം മാപ്പ് പറഞ്ഞിരുന്നു.

===========================================================

## NATIONAL GAMES

38-ാ മത് ദേശീയ ഗെയിംസിൻറെ സമാപന സമ്മേളനം ഇന്ന്. ഹൽദ്വാനി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മുഖ്യാതിഥിയാകും. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ, ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ്ങ് ധാമി, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് പി.ടി ഉഷ് തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. അടുത്ത ദേശീയ ഗെയിംസിന് അതിഥ്യം വഹിക്കുന്ന മേഘാലയ ചടങ്ങിൽ ഗെയിംസ് പതാക ഏറ്റുവാങ്ങും. മത്സര ഇനങ്ങൾ ഇന്നലെ സമാപിച്ചപ്പോൾ സർവീസസ് ആണ് ഒന്നാം സ്ഥാനത്ത്. 14-ാാം സ്ഥാനത്താണ് കേരളം.

==========================================================

**TWENTY-20**

വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൻറെ മൂന്നാം സീസണ് ഇന്ന് ഗുജറാത്തിലെ വഡോദരയിൽ തുടക്കം. രാത്രി 7.30-ന് നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ബെംഗളൂരു റോയൽ ചലഞ്ചേഴ്സ്, ഗുജറാത്ത് ജയൻറ്സിനെ നേരിടും.

==========================================================

**ISL**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ, ഹൈദരാബാദിനെ നേരിടും. രാത്രി 7.30- ന് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ജംഷഡ്പൂരിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പരാജയപ്പെടുത്തി.

==========================================================

**TRUMP-BRICS**

അന്താരാഷ്ട്ര പണമിടപാടുകൾക്ക് ഡോളറിനുപകരം മറ്റേതെങ്കിലും കറൻസി ഉപയോഗിക്കുന്നതിനെതിരേ വീണ്ടും ബ്രിക്സ് രാജ്യങ്ങൾക്ക് മുന്നറിയിപ്പുമായി യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇത്തരം ശ്രമങ്ങൾ നടത്തുന്ന രാജ്യങ്ങൾക്ക് മേൽ 100 ശതമാനം തീരുവ ചുമത്തുമെന്നാണ് ട്രംപിൻറെ മുന്നറിയിപ്പ്.

കഴിഞ്ഞ വർഷം നടന്ന ബ്രിക്സ് ഉച്ചകോടിയിൽ, സ്വന്തം കറൻസികൾ ശക്തിപ്പെടുത്തുന്നതും ബ്രിക്സിന് പൊതു കറൻസി രൂപീകരിക്കുന്നതും സംബന്ധിച്ച് ചർച്ച നടന്നിരുന്നു. എന്നാൽ, യു.എസ് ഡോളറിൽ നിന്ന് പിന്മാറാനുള്ള ആശയത്തെ ഇന്ത്യ പിന്തുണച്ചിരുന്നില്ല.

==========================================================

**GOLD + SENSEX**

രാജ്യത്തെ ഓഹരി വിപണികളിൽ ഇടിവ്.

സെൻസെക്സ് 548 പോയിൻറ് താഴ്ന്ന് 75,590- നിഫ്റ്റി 195 പോയിൻറ് നഷ്ടത്തിൽ 22,835-ലും വ്യാപാരം തുടരുന്നു.

സ്വർണവില വർദ്ധിച്ചു. പവന് 80 രൂപ ഉയർന്ന് 63,920 രൂപയും ഗ്രാമിന് 7,990 രൂപയുമാണ് ഇന്നത്തെ വില.

====================

========================================

==========================================================